ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നിന് തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥന്മാർക്ക് സാധിക്കുമെന്ന കാര്യവും പരിഗണിച്ചാണ് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നത്.

(ഡി) കേരളത്തിൽ 31-12-2002 വരെ സെക്ഷൻ 85 വിഭാഗത്തിൽ 12,610 ഫാക്ടറികളും സെക്ഷൻ 2(എം) വിഭാഗത്തിൽ 3567 ഫാക്ടറികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) ഈ ഫാക്ടറികളിൽനിന്ന് വർഷാവർഷം ഏകദേശം 3 കോടി രൂപ ഫീസിനത്തിൽ സർക്കാരിന് ലഭിക്കുന്നുണ്ട്.

ഇ. എസ്. ഐ. പരിധിയിൽവരുന്ന തൊഴിലാളികൾ

33 [2685] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഇ. എസ്. ഐ. പരിധിയിൽ വരുന്ന തൊഴിലാളികളുടെയും സ്ഥാപനങ്ങളുടെയും എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് 3,33,550 തൊഴിലാളികളും (31-3-2002-ലെ കണക്ക് പ്രകാരം) 11403 സ്ഥാപനങ്ങളും(31-3-2003-ലെ കണക്ക് പ്രകാരം) ഇ. എസ്. ഐ. പദ്ധതിയുടെ പരിധിയിൽവരുന്നുണ്ട്.

ഇ. എസ്. ഐ. സ്കീമിന്റെ പരിധിയിൽ അസംഘടിത മേഖലയിലെ തൊഴിലാളികളെക്കൂടി ഉൾപ്പെടുത്താൻ നടപടി

34 [2686] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഇ. എസ്. ഐ. സ്കീമിന്റെ പരിധിയിൽപ്പെടാത്ത അസംഘടിത മേഖലയിലെ തൊഴിലാളികളെക്കൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി ഇ. എസ്. ഐ. ആശുപത്രികളിൽ ചികിത്സാ സൗകര്യം ഏർപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഇ. എസ്. ഐ. സ്ഥാപനങ്ങളിലെ സ്റ്റോർ കസ്റ്റോഡിയൻമാരായി എൻട്രസിസ്റ്റുകളെ ചുമതലപ്പെടുത്തുന്നതിനും കണ്ടംനേക്കൽ നടപടി ത്വരിതപ്പെടുത്തുവാനും വേണ്ട നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അസംഘടിത മേഖലയിലെ തൊഴിലാളികളെ ഇ. എസ്. ഐ. സ്കീമിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്ന കാര്യം ഇ. എസ്. ഐ. കോർപ്പറേഷന്റെ പരിഗണനയിലാണ്.

(ബി) സ്റ്റോർ കസ്റ്റോഡിയൻമാരായി ഫാർമസിസ്റ്റുകൾക്ക് ചുമതല നൽകുന്ന കാര്യം പരിഗണനയിലാണ്. ഇ. എസ്. ഐ. സ്ഥാപനങ്ങളിലെ ഉപകരണങ്ങൾ യഥാസമയം കണ്ടം ചെയ്യാൻ നടപടി സ്വീകരിക്കാറുണ്ട്.

ഫറോക്ക്, ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത ഇ. എസ്. ഐ. ഡിസ്പെൻസറികളിലെ തസ്തികകൾ

35 [2687] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക്, ചെറുവണ്ണൂർ, ബേപ്പൂർ, മീഞ്ചന്ത ഇ. എസ്. ഐ. ഡിസ്പെൻസറികളിൽ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിവുകളും തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര ജീവനക്കാർ അദർ ഡ്യൂട്ടി വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു;

(ഡി) നിലവിലുള്ള ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ഇ) പബ്ലിക് സർവ്വീസ് കമ്മീഷനേയും ഡിവിഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനേയും ഒഴിവാക്കി സ്ഥിരനിയമനം നടത്തേണ്ട തസ്തികകളിൽ കരാർ നിയമനം നടത്തുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഫറോക്ക് 10-ഉം ചെറുവണ്ണൂർ 27-ഉം ബേപ്പൂർ 6-ഉം മീഞ്ചന്ത 17-ഉം തസ്തിക വീതമാണ് അനുവദിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly